**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** **09-06-2021 - ല്‍ മറുപടിയ്ക്ക്**

**ഹാംലറ്റ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ കെ യു ജനീഷ് കുമാര്‍,<br>ശ്രീ. കെ. പ്രേംകുമാര്‍,<br>ശ്രീ എം മുകേഷ് | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവര്‍ഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവര്‍ഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങള്‍ വികസിപ്പിക്കുന്നതിനുമായി മുന്‍ സര്‍ക്കാര്‍ ഫലപ്രദമായി നടപ്പിലാക്കിയ ഹാംലറ്റ് വികസന പദ്ധതി കൂടുതല്‍ കാര്യക്ഷമതയോടെ തുടരുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പട്ടികവര്‍ഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങള്‍ വികസിപ്പിക്കുന്നതിനുമായി 2011 മുതല്‍ 2016 വരെയുള്ള സര്‍ക്കാര്‍ നടപ്പിലാക്കിയ പദ്ധതിയാണ് ഹാംലറ്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങള്‍ വികസിപ്പിക്കുന്നതിനുമായി മുന്‍ സര്‍ക്കാര്‍ നടപ്പിലാക്കിയ പദ്ധതിയാണ് അംബേദ്കര്‍ സെറ്റില്‍മെന്റ് വികസന പദ്ധതി. ഈ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വര്‍ഷം 94 കോളനികള്‍ തെരഞ്ഞെടുക്കുകയും 22 കോളനികളിലെ വികസന പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വര്‍ഷം ടി പദ്ധതിക്കായി 62 കോളനികള്‍ തെരഞ്ഞെടുത്തിരുന്നു. ഈ കോളനികളില്‍ പദ്ധതി നടപ്പിലാക്കുന്നതിനായി നിര്‍വ്വഹണ ഏജന്‍സികളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പട്ടികവര്‍ഗ്ഗ സങ്കേതങ്ങളില്‍ എന്തെല്ലാം വികസന പ്രവര്‍ത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് അംബേദ്കര്‍ സെറ്റില്‍മെന്റ് വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങള്‍, സാമ്പത്തിക വികസന പ്രവര്‍ത്തനങ്ങള്‍, വനിതകള്‍ക്കും കുട്ടികള്‍ക്കുമായുള്ള ക്ഷേമ പ്രവര്‍ത്തനങ്ങള്‍ മുതലായവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത്. പട്ടികവര്‍ഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ഭവനം, ഭവനപുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികള്‍, ശുചിത്വ പരിപാടികള്‍, നടപ്പാത, നടപ്പാലം, മുതലായ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അപ്രതീക്ഷിതമായ പ്രളയവും മറ്റു പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | അടിയന്തിരഘട്ടങ്ങളിൽ താല്ക്കാലിക കേന്ദ്രങ്ങളിലേക്ക് മാറ്റുകയും തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് വീട്, ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും അനുവദിക്കുന്നു. ഇതിനായി ഇവർക്ക് താല്പര്യമുള്ള സ്ഥലം കണ്ടെത്തിയാണ് ഭൂമി വാങ്ങി വീട് വച്ച് നൽകുന്നത്. |

സെക്ഷൻ ഓഫീസർ